**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1064** **30-06-2022 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിട്ടിയിൽ നടപ്പിലാക്കിയ ക്യൂ.സി.ബി.എസ്. സമ്പ്രദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വാട്ടർ അതോറിറ്റിയിൽ ക്വാളിറ്റി ആന്റ് കോസ്റ്റ് ബേസ്ഡ് സെലക്ഷൻ സംവിധാനം നടപ്പിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത സംവിധാനം നടപ്പിലാക്കുക വഴി ജലജീവൻ മിഷൻ ഉൾപ്പെടെയുള്ള ഏതെങ്കിലും പ്രധാന പദ്ധതിയുടെ ടെണ്ടർ നടപടി വൈകാൻ ഇടവന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (ബി) | ഉണ്ട്. കേരളത്തിൽ ഉടനീളം മൂന്നു റീജിയനുകളിലായി 114 പ്രവൃത്തികൾക്ക് QCBS സംവിധാനത്തിൽ ടെൻഡർ നൽകിയിട്ടുണ്ട്. ഇതിൽ ഒരു പ്രവൃത്തിയുടെ ടെൻഡർ (JJM Kottappady – providing FHTC in rural house holds in Kottappady Panchayath – 2548 connections in Ernakulam District) ക്യൂസി.ബി.എസ് സംവിധാനത്തിനുള്ള വാല്യുവേഷൻ പ്രകാരമുള്ള ഒന്നാം റാങ്കുകാരനു, കുറഞ്ഞ നിരക്കിൽ ദർഘാസ് സമർപ്പിച്ച രണ്ടാം റാങ്കുകാരന്റെ റേറ്റിൽ ദർഘാസ് അംഗീകരിച്ച് പ്രവൃത്തി ചെയ്യുവാനുള്ള അനുമതി നൽകിയെങ്കിലും ഒന്നാം റാങ്കുകാരൻ കുറഞ്ഞ നിരക്കിൽ പ്രവൃത്തി ചെയ്യാൻ തയ്യാറായില്ല. ആയതിനാൽ ദർഘാസ് റദ്ദ് ചെയ്ത് പുനർ ദർഘാസ് ക്ഷണിക്കുന്നതിനുള്ള കാലതാമസം നേരിട്ടിട്ടുണ്ട്. |
| (സി) | ക്യൂ.സി.ബി.എസ്. സംവിധാനത്തിലൂടെ വാട്ടർ അതോറിറ്റിയിൽ എത്ര കോടി രൂപയുടെ ടെണ്ടർ ഇതിനകം നൽകിയിട്ടുണ്ട്; | (സി) | ക്യൂസി.ബി.എസ്. സംവിധാനത്തിലൂടെ വാട്ടർ അതോറിറ്റിയിൽ മൂന്നു റീജിയനുകളിലായി 1750.36 കോടി രൂപയുടെ ടെൻഡറുകൾ നൽകിയിട്ടുണ്ട് . ഇത് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | മേല്പറഞ്ഞ സംവിധാനം നടപ്പിലാക്കുക വഴി അധിക സാമ്പത്തിക ബാധ്യത ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ഡി) | ഇല്ല.<br>ഇക്കാര്യം പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| | |
|---|---|
| ദക്ഷിണ മേഖല | 528.06 കോടി |
| മധ്യമേഖല | 71.7 കോടി |
| ഉത്തര മേഖല | 1150.6 കോടി |
| ആകെ | 1750.36 കോടി |